"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ് - അറബികടലിൽ രൂപം കൊണ്ട അതിതീവ്ര ന്യൂന മർദ്ദങ്ങൾ മൂലമുള്ള കാലാവസ്ഥ മുന്നറിയിപ്പ് പ്രമാണിച്ച് മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നതിന് കർശന നിരോധനം ഏർപ്പെടുത്തിയ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ദുരിതാശ്വാസ സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ(എ) വകുപ്പ്

**സ.ഉ.(സാധാ) നം.416/2020/DMD** തീയതി, തിരുവനന്തപുരം, 06/04/2020

പരാമർശം:- 1. സ.ഉ(കൈ) നം.33/2019/ഡി.എം.ഡി തീയതി 02.11.2019.
2. 17.12.2019-ലെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനം.
3. ഫിഷറീസ് ഡയറക്ടറുടെ 06.04.2020-ലെ N3/1503/19 നമ്പർ കത്ത്.

<u>ഉത്തരവ്</u>

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും കടൽ ക്ഷോഭം കാരണം ജീവനോപാധി നഷ്ടപ്പെട്ടവരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) യുടെ നിലവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഒരു കുടുംബത്തിന് പരമാവധി 2,000/- രൂപ (രണ്ടായിരം രൂപ മാത്രം) വീതം അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി തുക അനുവദിക്കുന്നതിനായി 31.126 കോടി (മുപ്പത്തൊന്ന് കോടി പന്ത്രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ) രൂപ ഫിഷറീസ് ഡയറക്ടറുടെ STSB അക്കൗണ്ടിൽ അനുവദിക്കുവാൻ പരാമർശം (3) പ്രകാരം ഫിഷറീസ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും കടൽ ക്ഷോഭം കാരണം ജീവനോപാധി നഷ്ടപ്പെട്ടവരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) യുടെ നിലവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഒരു കുടുംബത്തിന് പരമാവധി 2,000/- രൂപ (രണ്ടായിരം രൂപ മാത്രം) വീതം ആകെ 31.126 കോടി (മുപ്പത്തൊന്ന് കോടി പന്ത്രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ) രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ "2245-02-101-94-01-Flood - Other Items" എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു. ഈ തുക ഫിഷറീസ് ഡയറക്ടറുടെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ STSB Account No.701011400000189 -ൽ credit ചെയ്യാനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതും ടി തുക ദുരന്ത ബാധിതരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് Direct Benefit Transfer മുഖേന credit ചെയ്യുന്നതിനുള്ള നടപടി ഫിഷറീസ് ഡയറക്ടർ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വേണു.വി**

**പ്രിൻസിപ്പൽ സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ഡയറക്ടർ, ഫിഷറീസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം (ഫണ്ടിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതാണ്.)
എല്ലാ ജില്ലാകളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഫിഷറീസ് വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ് (Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :-

റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

ദുരന്ത നിവാരണ വകുപ്പ്, ഫിനാൻസ് ഓഫീസർ

ഡി.എം. (എ4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ